**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3768</u>** **<u>09-10-2025 - ൽ മറുപടിയ്ക്ക്</u>**

**<u>പരപ്പനങ്ങാടി എൽ. ബി. എസ്. ഐ. ഐ. എസ്. റ്റി.</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പരപ്പനങ്ങാടി എൽ. ബി. എസ്. ഐ. ഐ. എസ്. റ്റി. ക്ക് സ്വന്തം ഭൂമിയും കെട്ടിടവും ലഭ്യമാക്കുന്ന പ്രവർത്തിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ; | (എ) | എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി (LBSIIST) എന്ന സ്ഥാപനം മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടിയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമെന്ന് 2013-ൽ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതിയ്ക്കുള്ള ഭൂമി വാങ്ങുന്നതിന് ഏകദേശം 20 കോടി രൂപയും ചുറ്റുമതിൽ നിർമ്മിക്കുന്നതിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി 3 കോടി രൂപയും ചെലവ് കണക്കാക്കിയിരുന്നു. നിലവിൽ എൽ.ബി.എസ്.ഐ.ഐ.എസ്.റ്റി.-യുടെ ഭാഗമായ മോഡൽ ഡിഗ്രി കോളേജ് (അപ്ലൈഡ് സയൻസസ്), എൽ.ബി.എസ്. സബ് സെന്റർ, എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി, ക്യാമ്പ് ഓഫീസ് എന്നിവ 2016 മുതൽ പ്രവർത്തിച്ചുവരുന്നു.<br><br>15.25 ഏക്കർ സ്ഥലം ആദ്യഘട്ടമായി ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികൾ മലപ്പുറം ജില്ലാകളക്ടർ സ്വീകരിച്ചുവരുന്നുണ്ട്. അടിസ്ഥാനവില നിർണ്ണയ റിപ്പോർട്ട് സമർപ്പിക്കാൻ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾക്ക് കാലതാമസമുണ്ടാകാനിടയുള്ളതിനാൽ Land Acquisition Rehabilitation and Resettlement Act 2013 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതമെന്ന് സർക്കാർ എൽ.ബി.എസ്. സെന്ററിനെ 03/03/2018-ൽ കത്ത് മുഖേന അറിയിച്ചിരുന്നു. എന്നാൽ കോവിഡും തുടർന്നുണ്ടായ സാമ്പത്തിക പരിമിതിയും കാരണം ഫണ്ട് അനുവദിക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിക്ക് ആവശ്യമായ ഭൂമി കൈമാറുന്നതിന് സമ്മതം നൽകിയ ഉടമകൾക്ക് സർക്കാർ തുടർനടപടി സ്വീകരിക്കാത്തതിനാൽ ഉണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് സമ്മതപത്രം നൽകിയതിനാൽ പ്രസ്തുത ഭൂമി മറ്റു വ്യക്തികൾക്ക് വിൽപ്പന നടത്തുന്നതിന് നിലവിലെ ഭൂമിയുടെ ഉടമകൾക്ക് സാധ്യമാകാത്തതും അതേസമയം ഈ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ വർഷങ്ങളായി നടപടികൾ സ്വീകരിക്കാത്തതും കാരണം ഉണ്ടായിട്ടുള്ള പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ്; ഉന്നത വിദ്യാഭ്യാസ വകുപ്പിലെയും ധനകാര്യ വകുപ്പിലെയും ബന്ധപ്പെട്ട ഫയലിന്റെ നമ്പറുകൾ വ്യക്തമാക്കാമോ; | (ഡി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിലാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പർ ജെ1/195/2022/ഉ.വി.വ, ജെ1/367/2024/ഉ.വി.വ ഉം ധനകാര്യ വകുപ്പിലെ ഫയൽ നമ്പർ EDN-B2/119/2022-Fin ഉം ആണ്. |
| (ഇ) | ഈ പദ്ധതിക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ വിശദമാക്കാമോ; | (ഇ) | ഉണ്ട്. ധനവകുപ്പിന്റെ അനുമതിയോടെ 06-12-2013 ലെ സ.ഉ(സാധാ)നം. 2400/2013/ഉ.വി.വ ഉത്തരവ് പ്രകാരം പരപ്പനങ്ങാടി എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 130.149 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (എഫ്) | ഈ പദ്ധതിക്ക് അനുമതി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി എന്നേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ? | (എഫ്) | പരപ്പനങ്ങാടി, എൽ.ബി.എസ്. ഐ.ഐ.എസ്.റ്റി-യുടെ ഭാഗമായ മോഡൽ ഡിഗ്രി കോളേജിനു കെട്ടിടം നിർമ്മിക്കുന്നതിനായി പരപ്പനങ്ങാടി നിയോജക മണ്ഡലത്തിൽ 5 ഏക്കർ റവന്യൂഭൂമി ലഭ്യമാണോ എന്നത് പരിശോധിച്ച് വിവരം ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടക്കത്തിൽ 130 കോടി രൂപ ചെലവ് പ്രതീക്ഷിച്ച പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ 186.62 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് സാമാന്യം വലിയ ഒരു തുക ആയതിനാൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരപ്പനങ്ങാടി എൽ.ബി.എസ് ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി - ക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനും തുടർ പ്രവർത്തനങ്ങൾക്കും ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ